വാസ സൗകര്യം ഏർപ്പെടുത്താനുള്ള നടപടികൾക്ക് വേഗത കൂട്ടണമെന്ന് ആവശ്യപ്പെടാനും അഭ്യർത്ഥിക്കാനുമാണ് അവർ കുടുംബസമേതം എത്തിച്ചേർന്നിട്ടുള്ളത്. ആലപ്പുഴ ജില്ലയിലെ ബീച്ചുവാർഡിൽ ഇ.എസ്.ഐ. ആശുപത്രിക്ക് വടക്കുഭാഗം കടൽക്ഷോഭത്തെത്തുടർന്ന് കടൽഭിത്തി തകരുകയും 50 വീടുകൾ പൂർണ്ണമായും നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു. 200 വീടുകൾ തകർച്ചയുടെ ഭീഷണി നേരിടുകയാണ്. വഴിയാധാരമായി തീർന്ന കുടുംബങ്ങൾ നാഷണൽ ഹൈവേയുടെ സ്ഥലത്ത് കുടിൽകെട്ടി താമസിച്ചുവരികയാണ്. ജലസേചന വകുപ്പുമന്ത്രിതന്നെ സ്ഥലം സന്ദർശിച്ച് നിജസ്ഥിതി മനസ്സിലാക്കിക്കൊണ്ട് അവരെ ആശ്വസിപ്പിച്ചത് സന്തോഷകരമാണ്. കടലോരപ്രദേശത്ത് താമസിക്കുന്നവരെ സംരക്ഷിക്കുവാനുള്ള നടപടികൾക്ക് വേഗത കൂട്ടണം. വീടുംസ്ഥലവും നഷ്ടപ്പെട്ടവർക്ക് അടിയന്തിരമായി പുനരധിവാസ സൗകര്യങ്ങൾ ഏർപ്പെടുത്തണം. തകർച്ചയുടെ ഭീഷണി നേരിടുന്ന 200 കുടുംബങ്ങളെ രക്ഷിക്കാൻ ഉടൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ആലപ്പുഴയിൽ കടലോര പ്രദേശങ്ങളായ ചെറ്റിക്കാട്, മാരാരിക്കുളം, വാടയ്ക്കൽ മുതലായ പ്രദേശങ്ങളിൽ കടലാക്രമണം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ സാധ്യതകൾ മുന്നിൽക്കണ്ടുകൊണ്ട് അത്യാവശ്യമായി വേണ്ട സ്ഥലങ്ങളിൽ സംരക്ഷണ പ്രവർത്തനങ്ങൾ നത്തുന്നതിന് രണ്ടുമൂന്നു തവണ ദർഘാസുകൾ ക്ഷണിച്ചിരുന്നു. കരാറുകാർ പ്രവൃത്തി ഏറ്റെടുത്ത് ചെയ്യാൻ വിമുഖത കാണിച്ചതിനാൽ കമ്മ്യൂഷൻ മുഖേന അത്യാവശ്യ സ്ഥലങ്ങളിൽ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഏർപ്പാടാക്കിയിട്ടുണ്ട്. ഞാൻതന്നെ ആ സ്ഥലം സന്ദർശിച്ചതിനുശേഷമാണ് അങ്ങനെ ഒരു ഏർപ്പാടുണ്ടാക്കിയത്. കൂടാതെ വാടയ്ക്കൽ പ്രദേശത്ത് അടിയന്തിരമായി വീടുകൾക്കും സംരക്ഷണം നൽകിയിട്ടുണ്ട്. ഈ ഭാഗത്ത് കടൽഭിത്തിയോട് വളരെയടുത്താണ് വീടുകൾ നിർമ്മിച്ചിട്ടുള്ളത്. ആ വീടുകൾക്കാണ് കേടുപാടുകൾ സംഭവിച്ചിട്ടുള്ളത്. ജില്ലാ കളക്ടറും പഞ്ചായത്ത് പ്രതിനിധിയും ജലസേചന ഉദ്യോഗസ്ഥന്മാരും സ്ഥലം സന്ദർശിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്. കടലോരത്തുള്ള ഓരോ വീടുകളും ചുറ്റും മണൽചാക്കിട്ട് സംരക്ഷിക്കണമെന്നാണ് സ്ഥലവാസികളുടെ ആവശ്യം. അത് ഫലപ്രദമാകുമെന്ന പ്രതീക്ഷയില്ല. ഇടയ്ക്കിടയ്ക്കുള്ള ചെറിയ ചെറിയ ഭാഗങ്ങൾ മാത്രം സംരക്ഷിക്കുന്നതുകൊണ്ട് കടലാക്രമണത്തിന് ശാശ്വതപരിഹാരം പ്രതീക്ഷിക്കാൻ കഴിയുകയില്ല. കടലാക്രമണം രൂക്ഷമാകുന്ന ഭാഗങ്ങളിൽ ഒന്നായി ഭിത്തി നിർമ്മിക്കുകയും സ്ഥിരമായി റീച്ചസ് വേണ്ടുന്നിടത്ത് പരിരക്ഷ ചെയ്യുകയും ചെയ്താൽ മാത്രമേ ശാശ്വത പരിഹാരമാകൂ. കേന്ദ്രസഹായം ലഭ്യമാകുന്നതോടുകൂടി ഈ പ്രശ്നത്തിനു പരിഹാരം കണ്ടെത്താൻ കഴിയും. താൽക്കാലികമായി ചെയ്യാൻ കഴിയുന്ന പ്രതിരോധ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്.

(ii) ചാരായ നിരോധനം ഏർപ്പെടുത്തിയതുമൂലം തൊഴിൽ നഷ്ടപ്പെടുന്നവരുടെ പുനരധിവാസം

[11 AM] ശ്രീമതി കെ.ആർ. ഗൗരിയമ്മ : സർ, ചാരായ നിരോധനം ഏർപ്പെടുത്തിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട ജീവനക്കാരുടെ പ്രശ്നം ഈ സഭയുടെ മുന്നിൽ ഉന്നയിക്കുവാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. ഈ വിഭാഗം തൊഴിലാളികൾ പന്തീരായിരത്തിൽപ്പരമുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രകടന പത്രികയിൽ ഇവരെ സംബന്ധിച്ച് ഇങ്ങനെയാണ് പറഞ്ഞിരുന്നത്, 'ചാരായ നിരോധനത്തിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുവാൻ സർക്കാരിനു ബാദ്ധ്യതയുണ്ട്.' ഈ കാര്യത്തിൽ ഈ സർക്കാർ കൂറ്റകരമായ അലംഭാവമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. പഴയ ഗവൺമെന്റിനെപ്പറ്റിയാണ് ഈ ഗവൺമെന്റ് പറഞ്ഞത്. ഈ ഗവൺമെന്റ് വന്നതിനു ശേഷം അവരെ പുനരധിവസിപ്പിക്കുവാൻ എന്ന വിധത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞതിനുശേഷം കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവരെ പുനരധിവസിപ്പിക്കുന്നതിനു പകരം ട്രേഡ് യൂണിയൻ നേതാക്കളുമായി ഒരു എഗ്രിമെന്റ് ഉണ്ടാക്കി അവർക്ക് താൽക്കാലിക സഹായമായിട്ട് 30,000 രൂപയും ഓണമഡ്വാൻസായിട്ട് 2,000 രൂപയും കൊടുത്തു. ഈ പ്രശ്നത്തെ സംബന്ധിച്ച് ഇനി ഒന്നും ചെയ്യുവാൻ ഇല്ല എന്ന നിലയക്ക് ഗവൺമെന്റ് കൈകഴുകിയിരിക്കുകയാണ്. ഇവരെ പുനരധിവസിപ്പിക്കാം എന്ന് പ്രകടന പത്രികയിൽ പറഞ്ഞിരുന്ന നിലയ്ക്ക്, പന്തീരായിരം പേരെ ഒന്നിച്ച് പിരിച്ചുവിട്ടിട്ട് കൊടുത്ത പണം സെൽഫ് എംപ്ലോയ്മെന്റിന് ഉപയോഗിക്കണം എന്നാണ് അന്ന് ഗവൺമെന്റ് ധരിച്ചത്. അതിനുള്ള ഒരു സ്കീം ഉണ്ടാക്കിയിരുന്നില്ല. അതിനുള്ള ഉദ്യോഗസ്ഥന്മാരെ നിയമിച്ചിരുന്നില്ല. കൊടുത്ത പണം യൂണിയന്റെ ഭാഗവും ഒക്കെ ആയിട്ട് പോയി. തൊഴിലാളികൾ ഇന്ന് അനാഥരാണ്. അവരെ പുനരധിവസിപ്പിക്കുവാൻ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കണം. അവർക്ക് പി.എഫ്. ഉണ്ട്. വെൽഫെയർ സ്കീമിൽ പണമുണ്ട്. തൽക്കാലം ചിലതൊക്കെ കൊടുത്തത്കൊണ്ട് പ്രശ്നം തീരുകയില്ല. അവരുടേതായിട്ടുള്ള ബോർഡിൽ ഉദ്യോഗസ്ഥന്മാർക്ക് ഇന്നും ശമ്പളം കൊടുക്കുന്നുണ്ട്. ഈ തൊഴിലാളികളെ പിരിച്ചുവിട്ടിട്ട് 4 കൊല്ലമായി. പക്ഷെ ബോർഡിലുള്ള ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കണം. തൊഴിലാളികൾ തെരുവാധാരമായി തെരുവുതെണ്ടി അലഞ്ഞു നടക്കുകയാണ്. ഗവൺമെന്റിനു വേണമെങ്കിൽ ഇവരെ ചെറിയ ചെറിയ ജോലികളിൽ നിയമിക്കാം. മുമ്പ് ഞാൻ പറഞ്ഞതാണ്, സിവിൽ സപ്ലൈസിലും നീതി സ്റ്റോറുകളിലും സാധനം എടുത്തുകൊടുക്കുന്ന പണികളിൽ ഇവരെ പ്രൊവൈഡ് ചെയ്യാമായിരുന്നു. അവരെ ഈ വിധത്തിൽ പ്രൊവൈഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുവരെ അവരെ സഹായിക്കുവാൻ ഈ വെൽഫെയർ ഫണ്ടും പണവും ഒക്കെ ഗവൺമെന്റ് ഉപയോഗിച്ച് തൽക്കാലം അവരെ നിലനിർത്തുന്നവരെ അവർക്ക് കുറഞ്ഞത് 1,500 രൂപ സബ്

സ്റ്റാൻഷ്യൽ അലവൻസ് കൊടുത്തുകൊണ്ട് അവരെ റീഹാബിലിറ്റേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. 40 കോടി രൂപ നിങ്ങൾ കൊടുത്തു എന്നാണ് പറയുന്നത്. ആ പണം നിങ്ങൾ വെറുതെ കളഞ്ഞു. ഇതിനു ഒരു സ്കീം ഉണ്ടാക്കി ആവശ്യമായ നടപടി സ്വീകരിക്കുന്നതുവരെ ഇവർക്ക് സബ്സ്റ്റാൻഷ്യൽ അലവൻസായി 1,500 രൂപ കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, 1996 ഏപ്രിൽ മാസം 1-ാം തീയതിയാണ് നമ്മുടെ സംസ്ഥാനത്ത് ചാരായ നിരോധനം നിലവിൽ വന്നത്. അന്നുമുതൽ ചാരായ ഷാപ്പുകൾ അടച്ചുപൂട്ടി. തൽഫലമായി കേരള അബ്കാരി തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിരുന്ന 10,500-ൽപ്പരം ചാരായ തൊഴിലാളികൾ തൊഴിൽ രഹിതരായി. ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് സർക്കാർ ഗൗരവമായി ആരാഞ്ഞിരുന്നു. സർക്കാരിന്റെ നയപരമായ തീരുമാന

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്രയും തൊഴിലാളികൾക്ക് തൊഴിൽ നഷ്ട പ്പെട്ടത്, എന്നു കണ്ടതിനാലും തൊഴിൽരഹിതരായ ചാരായ തൊഴിലാളികളെ സർക്കാർ ആഭിമുഖ്യത്തിൽ പുനരധിവസിപ്പിക്കുന്നത് പ്രായോഗികമല്ലാത്തതി നാലും, ഈ വിഭാഗം തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനു പകരം ഓരോ തൊഴിലാളിക്കും 30,000 രൂപ നൽകി പിരിച്ചുവിടുന്നതിനു സർക്കാർ തീരുമാനമുണ്ടായി. ഈ തീരുമാനം ഒരു കൺസിലിയേഷൻ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ പ്രമുഖ ട്രേഡ് യൂണിയനുകളും ലേബർ ഡിപ്പാർട്ടുമെന്റുംകൂടെ ചേർന്ന് നടത്തിയ കൺസിലി യേഷൻ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണ് 30,000 രൂപ വീതം അവർക്ക് നൽകിയത്. ഖജനാവിൽനിന്ന് 36.99 കോടി രൂപ, അതായത് ഏകദേശം 37 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ സർക്കാരു കളുടെ നയപരമായ തീരുമാനത്തെ തുടർന്ന് തൊഴിൽ രഹിതരായ പന്തീരാ യിരത്തിൽപ്പരം തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനു പകരം കോമ്പൻസേഷൻ നൽകിയ ചരിത്രം വേറെയില്ല. ഇതിനുപുറമേ 1996 ലെ ഓണം പ്രമാണിച്ച് ഇവർക്ക് ആശ്വാസ ധനസഹായമായി 2,000 രൂപ വീതം വിതരണം ചെയ്യുകയുണ്ടായി. ഈ ഇനത്തിൽ സർക്കാരിന് 2.47 കോടിരൂപ ചെലവു വഹിക്കേണ്ടിവന്നു. ഈ ആനുകൂല്യങ്ങൾക്ക് പുറമേ അബ്കാരി തൊഴിൽ ക്ഷേമനിധി ഫണ്ടിൽനിന്നും ഇവർക്ക് പി.എഫ്., ഗ്രാറ്റുവിറ്റി, പെൻഷൻ ഫണ്ട്, മരണാനന്തര ധനസഹായങ്ങൾ എന്നീ ഇനങ്ങളിലായി 61.54 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽനിന്നും ചാരായ നിരോധനം മൂലം തൊഴിൽരഹിതരായ തൊഴിലാളികൾക്ക് ജീവിത മാർഗ്ഗങ്ങൾ ആരായു ന്നതിലേക്കായി സാധ്യമായ എല്ലാ സാമ്പത്തികസഹായങ്ങളും സർക്കാ രിൽനിന്നും ക്ഷേമനിധി ബോർഡിൽനിന്നും ഇതിനകം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുന്നു. വസ്തുതകൾ ഇങ്ങനെയൊക്കെ ഇരിക്കെ ചാരായ നിരോധ നംമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് സർക്കാർ തലത്തിൽ ഇനിയും സാമ്പത്തിക സഹായങ്ങൾ ചെയ്യുവാൻ നിർവ്വാഹമില്ല എന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്.

(9) പ്ലസ് ടു അദ്ധ്യാപകരുടെ ആവശ്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച്

<u>ശ്രീ. ഉമ്മൻചാണ്ടി</u> : സർ, ദേശീയ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പ്രീഡിഗ്രിക്കു പകരം തുടങ്ങിയ പ്ലസ് ടു വിദ്യാഭ്യാസ മേഖല ഇന്ന് ആകെ സ്തംഭിച്ചിരിക്കുകയാണ്. ഇതിൽ പ്രതിഷേധിച്ച് പ്ലസ് ടു അദ്ധ്യാപകർ ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. 1 ലക്ഷം വിദ്യാർത്ഥികളും 8,000-ത്തോളം അദ്ധ്യാപകരുമുള്ള ഈ മേഖലയിലെ പ്രശ്നം വളരെ ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യണമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് എന്റെ ഈ സബ്മിഷൻ. സുപ്രീംകോടതിയുടെ വിധി യാണ് ഗവൺമെന്റ് തടസ്സം പറയുന്നത്. സുപ്രീംകോടതി സ്റ്റേ ചെയ്യുവാൻ കാരണം ഈ രംഗത്ത് സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടില്ല എന്നതുകൊ ണ്ടാണ്. ഇതേ ആവശ്യം കേരളാ ഹൈക്കോടതി 1998 ജൂലായിൽ പറഞ്ഞതാ ണ്. ഒരു വർഷത്തിനകം സ്പെഷ്യൽ റൂൾസ് ഉണ്ടാക്കണമെന്ന് പറഞ്ഞു. പക്ഷെ ഇതുവരെ അതിന്റെ കരട്പോലും ഉണ്ടാക്കിയിട്ടില്ല. ഹൈക്കോടതി വിധി വന്നിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുന്നു. ഇത്ര പ്രാധാന്യം അർഹിക്കുന്ന ഒരു മേഖലയിലെ പ്രശ്നം ഇത്രയുംകാലം താമസംവരുത്തി സ്തംഭനാവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly